(ബി) നിയമനം ലഭിച്ച ഓരോരുത്തരും ഏതെല്ലാം മേഖലകളിൽ ഏത് നിലവാരത്തിൽ (ജില്ലാതലം, സംസ്ഥാനതലം, ദേശീയതലം, അന്തർദേശീയതലം) കഴിവുതെളിയിച്ച വരാണെന്ന വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രഗൽഭ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന നാല് ഒഴിവുകളിൽ മൂന്നെണ്ണത്തിൽ വനിതാ കായിക താരങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളിലായി നിയമനം നൽകിയിട്ടുണ്ട്.

അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

മലപ്പുറം ജില്ലയിലെ കായിക വികസന പദ്ധതികൾ

116 [3402] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പ്രോത്സാഹനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ പുതിയതായി കായികപരമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര പദ്ധതികൾക്കായി ഇത്തരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പുതിയ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് പറയാമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം തുകകളൊന്നും ചെലവഴിച്ചിട്ടില്ല. 2002-03 സാമ്പത്തിക വർഷത്തിൽ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 3,46,88,374 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്പോർട്സ് ഡയറക്ടറേറ്റിൽ ഒന്നും, കേരള സ്പോർട്സ് കൗൺസിലിൽ മൂന്നും പദ്ധതികൾക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) സർക്കാർ അംഗീകാരവും ധനസഹായവും നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാവുന്നതാണെന്ന് കരുതുന്നു.

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly